**കേരള വനം വകുപ്പ്**
**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്. ബി. & എ) &**
**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള -യുടെ**
**(പൂർണ്ണ അധിക ചുമതല) നടപടി ഉത്തരവ്**

**ഹാജർ: ഡോ. പി. പുകഴേന്തി ഐ.എഫ്.എസ്.**

വിഷയം:- കേരള വനം വകുപ്പ് – വിവരാവകാശ നിയമം 2005 – വനം വകുപ്പിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവരുടെ സ്ഥാന നിർദ്ദേശം – ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 11-01-2021, 02-11-2021, 09-11-2021, 27-06-2022 എന്നീ തീയതികളിലെ ഇ5-6525/19 നമ്പർ ഉത്തരവുകൾ.
2. ഭരണ വിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 14.05.2024 ലെ KFDHQ/3471/2024-ADMIN/E4 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 10-06-2024 തീയതിയിലെ KFDHQ/4160/2023-CWW/WL10 നമ്പർ കത്ത്.
4. ആറളം വൈൽഡ്ലൈഫ് വാർഡന്റെ 24-05-2024 തീയതിയിലെ എ3-1075/2024 നമ്പർ കത്ത്.
5. എറണാകുളം സോഷ്യൽ ഫോറസ്ട്രി ഫോറസ്റ്റ് കൺസർവേറ്ററുടെ 03-06-2024 തീയതിയിലെ KFDSFC/273/2020-CFSFCR-G നമ്പർ കത്ത്.
6. പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 06.09.2024 തീയതിയിലെ KFDDO/17552/2023-DFOTSPNLR/P7 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ4-3471/2024 തീയതി : 09-07-2025**

വനം വകുപ്പിൽ വിവരാവകാശ നിയമം 2005 പ്രകാരം പൊതുജനങ്ങൾക്ക് വിവരങ്ങൾ/ രേഖകൾ എന്നിവ യഥാസമയം ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവരെ സ്ഥാന നിർദ്ദേശം ചെയ്ത് സൂചന (1) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ചില ഓഫീസുകളിൽ നിന്നും ഭേദഗതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവിൽ വീണ്ടും ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവരെ

പുനർസ്ഥാനനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ വ്യക്തമായ കാര്യകാരണം സഹിതം ശിപാർശ സമർപ്പിക്കാൻ എല്ലാ ഓഫീസ് മേലധികാരികളോടും സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. അപ്രകാരം പുനർസ്ഥാനനിർണ്ണയത്തിനു ചുവടെപ്പറയുന്ന ശിപാർശകൾ ലഭ്യമായിട്ടുണ്ട്.

നിലവിലുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ സീനിയർ സൂപ്രണ്ടിനു പകരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും, ജൂനിയർ സൂപ്രണ്ടിനെ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും പുനർസ്ഥാന നിർണ്ണയം നടത്തണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ സൂചന (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിങ് പ്ലാൻ) ന്റെ കാര്യാലയത്തിൽ നിലവിൽ അപ്പീൽ അധികാരി ആയി വർക്കിങ് പ്ലാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ - നെയാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനു പകരം ഡെപ്യൂട്ടി കൺസർവേറ്റർ-നെ അപ്പീൽ അധികാരി ആയി നിശ്ചയിക്കണമെന്നു വർക്കിങ് പ്ലാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആവശ്യപ്പെട്ടിട്ടുണ്ട്.

ആറളം വൈൽഡ്‌ലൈഫ് ഡിവിഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ ജൂനിയർ സൂപ്രണ്ടിന് പകരം ഹെഡ് അക്കൗണ്ടന്റിനെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും, മുതിർന്ന സീനിയർ ക്ലർക്ക് / ക്ലർക്കിനെ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും പുനർസ്ഥാന നിർണ്ണയം നടത്തണമെന്ന് ആറളം വൈൽഡ്‌ലൈഫ് വാർഡൻ സൂചന (4) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

എറണാകുളം, സോഷ്യൽ ഫോറസ്ട്രി, ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിന്റെ പേര്, അപ്പീൽ അധികാരിയുടെ പേര് എന്നിവയിൽ നിലവിൽ മാറ്റമുള്ളതിനാൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് എറണാകുളം, സോഷ്യൽ ഫോറസ്ട്രി, ഫോറസ്റ്റ് കൺസർവേറ്റർ സൂചന (5) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സീനിയർ സൂപ്രണ്ടും തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ജൂനിയർ സൂപ്രണ്ടും ആയിരുന്നു. എന്നാൽ ടി രണ്ട് തസ്തികകളും പരസ്പരം മാറ്റി പുനർ വിന്യസിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി ജൂനിയർ സൂപ്രണ്ടിനെ നിയമിക്കണമെന്ന് പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സൂചന (6) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. അത് പോലെ തിരുവനന്തപുരം വൈൽഡ് ലൈഫ്

ഡിവിഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി സീനിയർ സൂപ്രണ്ടിനേയും നിയമിക്കേണ്ടതുണ്ട്.

ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്നു. എന്നാൽ ടി തസ്തികയ്ക്ക് പകരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക പുനർ വിന്യസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റിനെ നിയമിക്കേണ്ടതുണ്ട്.

കൂടാതെ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിലവിൽ എഫ്, എച്ച്, ഇ, ഡി, ബി, തപാൽ, സ്റ്റേഷനറി, റെക്കോർഡ് എന്നീ സെക്ഷനുകൾക്ക് പുറമേ എസ്റ്റേറ്റ് ഓഫീസും കൂടി ചേർത്താണ് സൂചന (1) ഉത്തരവ് പ്രകാരം അധികാര പരിധി നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം വിവരാവകാശ നിയമ പ്രകാരമുള്ള നിരവധി വിവരങ്ങൾ ലഭ്യമാക്കി നൽകേണ്ടി വരുമെന്നതിനാൽ, വർദ്ധിച്ച ജോലി ഭാരം നിലവിലുണ്ട്. കൂടാതെ ബി സെക്ഷനിലെ ഫയൽ റൂട്ടിംഗ് സീനിയർ സൂപ്രണ്ട്- എ.സി.എഫ്. / ജൂനിയർ സൂപ്രണ്ട്- ഡി.സി.എഫ്. മുഖേനയാണ്. അതിനാൽ തന്നെ ഭരണ വിഭാഗത്തിലെ നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോ, അപ്പീൽ അധികാരി ആയ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറോ ബി സെക്ഷനിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നില്ല. അപ്രകാരം ഫയൽ കാണുന്നില്ലാത്തതിനാൽ വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുമ്പോൾ പല വിഷയങ്ങളിലും സ്വതന്ത്രമായി തീരുമാനം എടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. അതിനാൽ തന്നെ അപ്പീൽ അപേക്ഷ ലഭ്യമാകുമ്പോഴും, വിവരാവകാശ കമ്മീഷൻ മുമ്പാകെ ഹാജരാകേണ്ടി വരുന്ന സാഹചര്യത്തിലും, കാര്യങ്ങൾ വിശദീകരിക്കുന്നതിൽ ഇവർക്ക് പലപ്പോഴും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതിനാൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിലവിൽ ഉൾപ്പെട്ട ബി സെക്ഷനും, അതോടൊപ്പം എസ്റ്റേറ്റ് ഓഫീസിനും പ്രത്യേകം പ്രത്യേകം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽഅധികാരികളെയും നിയമിച്ച ഭേദഗതി വരുത്തേണ്ടതുണ്ട്.

മേൽ പരാമർശിച്ച സാഹചര്യത്തിൽ ചുവടെ പറയുന്ന കാര്യാലയങ്ങളിലെ മാത്രംസ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവരുടെ സ്ഥാനം പുനർനിർണ്ണയം ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ ന ം. | ഓഫീസ് | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അപ്പീൽ അധികാരി | അധികാര പരിധി |
|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്, വനം വകുപ്പ് ആസ്ഥാനം തിരുവനന്തപുരം | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ജൂനിയർ സൂപ്രണ്ട് | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് |
| 2 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ കാര്യാലയം വനം വകുപ്പ് ആസ്ഥാന ം തിരുവനന്തപുരം | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | സീനിയർ സൂപ്രണ്ട് (ഇ സെക്ഷൻ) | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ഇ, ഡി, എഫ്, എച്ച്, തപാൽ, സ്റ്റേഷണറി, റെക്കോർഡ് സെക്ഷനുകൾ |
| 3 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ കാര്യാലയം, വനംവകുപ്പ് ആസ്ഥനം തിരുവനന്തപുരം | സീനിയർ സൂപ്രണ്ട് (ബി സെക്ഷൻ) | ജൂനിയർ സൂപ്രണ്ട് (ബി സെക്ഷൻ) | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവ േറ്റർ (ഭരണം) | ബി സെക്ഷൻ |
| 4 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിങ് പ്ലാൻ) ന്റെ കാര്യാലയം, വനം വകുപ്പ് ആസ്ഥാനം | സീനിയർ സൂപ്രണ്ട് | ഹെഡ് അക്കൗണ്ടന്റ് | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിങ് പ്ലാൻ) | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിങ് പ്ലാൻ ) ന്റെ ഓഫീസ് |
| 5 | എസ്റ്റേറ്റ് ഓഫീസ്, വനം വകുപ്പ് ആസ്ഥാനം, തിരുവനന്തപുരം | ഹെഡ് അക്കൗണ്ടന്റ് | മുതിർന്ന സീനിയർ ക്ലർക്ക്/ ക്ലർക്ക് | എസ്റ്റേറ്റ് ഓഫീസർ വനം വകുപ്പ് ആസ്ഥാനം | എസ്റ്റേറ്റ് ഓഫീസ് |
| 6 | വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയം, ആറളം, കണ്ണൂർ | ഹെഡ് അക്കൗണ്ടന്റ് | മുതിർന്ന സീനിയർ ക്ലർക്ക് / ക്ലർക്ക് | വൈൽഡ് ലൈഫ് വാർഡൻ, ആറളം, | ആറളം വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് ആറളം |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 7 | എറണാകുളം സോഷ്യൽ ഫോറസ്ട്രി, സെൻട്രൽ റീജിയൻ, ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ഹെഡ് അക്കൗണ്ടന്റ് | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി (എക്സ്റ്റൻഷൻ) എറണാകുളം | എറണാകുളം സോഷ്യൽ ഫോറസ്ട്രി, സെൻട്രൽ റീജിയൻ ഓഫീസ് |
| 8 | പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസ് | ജൂനിയർ സൂപ്രണ്ട് | ഹെഡ് അക്കൗണ്ടന്റ് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിംബർ സെയിൽസ് പുനലൂർ | പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസ് |
| 9 | തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് | സീനിയർ സൂപ്രണ്ട് | ഹെഡ് അക്കൗണ്ടന്റ് | വൈൽഡ് ലൈഫ് വാർഡൻ തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് |

**Signed by P Pugazhendi**
**Date: 09-07-2025 13:15:50**

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &**
**ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്**

പകർപ്പ്:

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന് അറിവിലേക്കായി നൽകുന്നു.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) ക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
3. ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, സെൻട്രൽ റീജിയൻ, എറണാകുളം-ന് അറിവിലേക്കായി നൽകുന്നു.
4. ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന് അറിവിലേക്കായി നൽകുന്നു.
5. എസ്റ്റേറ്റ് ഓഫീസർക്ക് അറിവിലേക്കായി നൽകുന്നു.
6. വൈൽഡ്ലൈഫ് വാർഡൻ, ആറളം - അറിവിലേക്കായി നൽകുന്നു.
7. പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അറിവിലേക്കായി നൽകുന്നു.
8. സീനിയർ സൂപ്രണ്ട് (ഇ/ബി സെക്ഷൻ), ജൂനിയർ സൂപ്രണ്ട് (എഫ്/ബി/ഡി/എച്ച് സെക്ഷൻ, ഹെഡ് അക്കൗണ്ടന്റ് (ഇ സെക്ഷൻ) - അറിവിലേക്കായി നൽകുന്നു.
9. RTI നോഡൽ ഓഫീസർക്ക് അറിവിലേക്കായി നൽകുന്നു.